File No.DME/2783/2020-F1

## കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനകാര്യം –ന്യൂറോളജി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർമാരുടെ അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :- 1. 28.05.2019 ലെ GO(MS) No 64/2019/H&FWD സർക്കാർ ഉത്തരവ്

2. 23.09.2021 ലെ ന്യൂറോളജി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർമാരുടെ കരട് സീനിയോരിറ്റി പട്ടിക

3. 28.09.2021 ലെ ഡോ. സജിത്ത് ജോൺ .പി യുടെ നിവേദനം

### ഉത്തരവ് നമ്പർ. മെ.വി.വ/2783/2020/എഫ്1 തീയതി: 08/11/2021

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ന്യൂറോളജി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർമാരുടെ കരട് സീനിയോരിറ്റി പട്ടിക സൂചന 2 പ്രകാരം പ്രസിദ്ധീകരിക്കുകയും, ആയത് സംബന്ധിച്ച പരാതികളോ, ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ 30.09.2021 തീയതിക്ക് മുമ്പായി അറിയിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തു.

എറണാകുളം മെഡിക്കൽ കോളേജിലെ ന്യൂറോളജി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ ഡോ. സജിത്ത് ജോൺ.പി ടിയാനെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്താത്തതിനെ പറ്റി സൂചന 3 പ്രകാരം പരാതി സമർപ്പിച്ചിരിക്കുന്നു. ഡോ. സജിത്ത് ജോൺ .പി -യെ കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ നിന്നും എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലേക്ക് 17/12/2013 തീയതി പ്രാബല്യത്തിൽ അസ്സോസിയേറ്റ് പ്രൊഫസ്സർ തസ്തികയിൽ സർക്കാർ ഏറ്റെടുക്കുകയും സൂചന 1 ലെ ഉത്തരവ് പ്രകാരം ടി ഡോക്ടറുടെ നിയമനം ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്രമീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്.

1. എറണാകുളത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജിലോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മറ്റേതെങ്കിലും മെഡിക്കൽ കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർമാരുടെ മറ്റേതെങ്കിലും ഒഴിവുകളിൽ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന അസോസിയേറ്റ് പ്രൊഫസർമാർക്ക് ഒരു ക്ലെയിമും ഉണ്ടായിരിക്കില്ല.

2. എറണാകുളത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ അസോസിയേറ്റ് പ്രൊഫസർമാർക്ക് പ്രൊഫസർ തസ്തികയിലെ സ്ഥാനക്കയറ്റത്തിനുള്ള ക്ലെയിം അതേ വിഭാഗത്തിലെ പ്രൊഫസർ (ഏറ്റെടുക്കുന്നതിന് മുമ്പ്) വിരമിക്കുമ്പോൾ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡങ്ങൾക്കും കാലാകാലങ്ങളിൽ ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും അനുസൃതമായി മാത്രമേ പ്രൊഫസർ

തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുകയുള്ളൂ.

3. CAPE ലെ അസോസിയേറ്റ് പ്രൊഫസർമാരുടെ നിയമനം പരിമിതമായ തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയായതിനാലും ഇവർക്ക് മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർമാർക്ക് തുല്യമായ സേവന കാലയളവ് ഇല്ലാത്തതിനാലും എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജിലേക്ക് ആഗിരണം ചെയ്ത അസോസിയേറ്റ് പ്രൊഫസർമാർക്ക് സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം / മറ്റ് സർക്കാർ മെഡിക്കൽ കോളേജുകൾ/മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ ഭാവിയിൽ സൃഷ്ടിച്ചേക്കാവുന്ന അധിക തസ്തികകൾ/ഉയർന്ന തസ്തികകളിലേക്ക് അവകാശവാദമില്ല.

4. CAPE ൽ നിന്നും ആഗിരണം ചെയ്ത അസോസിയേറ്റ് പ്രൊഫസർമാർക്ക് എറണാകുളം മെഡിക്കൽ കോളേജിൽ നിന്നും സൂപ്പർ ആനുവേഷൻ അനുവദിക്കും. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മറ്റൊരു കോളേജിലും ഇവരെ ജോലി ചെയ്യാൻ അനുവദിക്കില്ല. എന്നിരുന്നാലും, അവശ്യ സാഹചര്യങ്ങളിൽ ഇവരെ മറ്റ് കോളേജുകളിൽ വിന്യസിക്കാൻ സർക്കാർ/ഡിഎംഇക്ക് അധികാരമുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ ഡോ. സജിത്ത് ജോൺ. പി -യെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ന്യൂറോളജി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ടി ഡോക്ടറുടെ അപേക്ഷ പരിഗണനാർഹമല്ലായെന്ന് ബോധ്യപ്പെട്ടതിനാൽ ടിയാന്റെ അപേക്ഷ നിരസിച്ചുകൊണ്ട് സൂചന 2 പ്രകാരം പ്രസിദ്ധീകരിച്ച ന്യൂറോളജി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർമാരുടെ കരട് സീനിയോറിറ്റി പട്ടിക അന്തിമ സീനിയോറിറ്റി പട്ടികയായി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു. അന്തിമ സീനിയോറിറ്റി പട്ടിക അനുബന്ധം - 1 ആയി ചേർക്കുന്നു.

DR.REMLA BEEVI.A
DIRECTOR

സ്വീകർത്താവ് :- 1. ബന്ധപ്പെട്ട ഡോക്ടർമാർ
(പ്രിൻസിപ്പൽ മുഖാന്തിരം)

പകർപ്പ്: 1. പ്രിൻസിപ്പൽ
മെഡിക്കൽ കോളേജ്,
ആലപ്പുഴ/കോട്ടയം

2. ജൂനിയർ സൂപ്രണ്ട് ഡി.പി.സി വിഭാഗം

3. ഓഫീസ് പകർപ്പ്/കരുതൽ ഫയൽ/വെബ് സൈറ്റ്

E-mail: dir.dme@kerala.gov.in,
dmekerala@gmail.com

Fax:0471-2443080

DME
DIRECTORATE OF MEDICAL EDUCATION

Phone : Office:0471-2528575
Director(Personal):0471-2444011
Medical College.P.O.
Thiruvananthapuram-695011

GOVERNMENT OF KERALA

# DIRECTORATE OF MEDICAL EDUCATION

**Annex to Order No: DME/2783/2020-F1** **Dated : 08/11/2021**

| **Final Seniority List in the Department of Neurology as on 30.09.2021** | | | | | | |
|---|---|---|---|---|---|---|
| **CADRE: ASSOCIATE PROFESSOR** | | | | | | |
| Sl No | Name of Doctor | Date of Birth | Date of Entry in Service | Date of Joining in this cadre and Regular Promotion Order No and Date | Order No & Date of Declaration of probation | UAA/DA/Vigilance case pending if any |
| 1 | Dr.Muhammed Raffique. M | 01-04-1965 | 25/08/2000 | **19-07-2014** GO(Rt) No 2433/14/H&FWD Dt. 19-07-2014 | GO (Rt) No. 2724/2016/ H&FWD Dt.07-10-2016 | Letter sent to govt for regularizing the UAA period (08.01.17 to 19.03.19) Re joined Service on 20.03.2019 as per the direction in Govt Letter No H&FWD-S2/17/2019-H&FWD dated 11.02.2019 |
| 2 | Dr.Kabeer K. A | 04-03-1964 | 22/04/1997 | **28-10-2014** GO(Rt) No . 2433/14/H&FW Dt. 19-07-2014 | GO (Rt) No. 770/2016/ H&FWD Dt. 04-03-2016 | -- |

**DR.REMLA BEEVI.A**
**DIRECTOR**